"ഭരണഭാഷ-മാതൃഭാഷ"

<u>വിവരാവകാശം/സമയപരിധി</u>

നം. ICDS/B5-4169/2021

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 08.02.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് ഡയറക്ടർ
വനിത ശിശു വികസന വകുപ്പ്

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സിഡിപിഒമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന: ശ്രീ രാജേഷ് തണ്ടിലം, ചെറുളി ഹൗസ്, നരിപ്പറമ്പ് പി ഒ, തവനൂർ, മലപ്പുറം സമർപ്പിച്ച വിവരാവകാശ അപേക്ഷ

സൂചന അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. താഴെ പറയുന്ന ഉദ്യോഗസ്ഥർ അതാത് ചോദ്യങ്ങൾക്കുള്ള മറുപടി നേരിട്ട് നൽകുകയും പകർപ്പ് ഈ കാര്യാലയത്തിലെ wcdicdsb5@gmail.com എന്ന മെയിലിൽ ലഭ്യമാക്കേണ്ടതും സമയപരിധി കൃത്യമായി പാലിക്കേണ്ടതുമാണ്

| <u>ചോദ്യങ്ങൾ</u> | <u>മറുപടി നൽകേണ്ട ഉദ്യോഗസ്ഥൻ</u> |
|---|---|
| 1. 5 | ശിശു വികസന പദ്ധതി ഓഫീസർ |
| 2, 3, 4, 6, 7 | പ്രോഗ്രാം ഓഫീസർ |

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**ജോയിന്റ് ഡയറക്ടർ**
**വനിത ശിശു വികസന ഡയറക്ടറേറ്റ്**

**പകർപ്പ്:-**
**ശ്രീ രാജേഷ് തണ്ടിലം**
**ചെറുളി ഹൗസ്**
**നരിപ്പറമ്പ് പി ഒ**
**തവനൂർ, മലപ്പുറം**

SS-21

*പ്രേഷിതൻ*
**രാജേഷ് തണ്ടിലം**
**ചെറുളി ഹൗസ്**
**നരിപ്പറമ്പ് പി.ഒ., തവനൂർ, മലപ്പുറം ജില്ല - 679573**
**ഫോൺ: 9745202121**

004169

*സ്വീകർത്താവ്*
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**വനിത ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്**
**പൂജപ്പുര, തിരുവനന്തപുരം - 695012**

*വിഷയം:* **അങ്കണവാടി കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുന്നതിന്**

സർ,

താഴെ കാണിച്ച ചോദ്യങ്ങൾക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ* നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള സ്ഥലങ്ങൾ അങ്കണവാടികൾക്ക് കെട്ടിടം നിർമിക്കാൻ ഏറ്റെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം അങ്കണവാടികൾക്ക് എത്ര സ്ഥലം വീതം എവിടെയൊക്കെ ഏറ്റെടുത്തിട്ടുണ്ട്.
2. നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏത്ര അങ്കണവാടികൾക്ക് കെട്ടിട നിർമാണം ആരംഭിച്ചിട്ടുണ്ട്? എത്ര കെട്ടിടങ്ങളുടെ നിർമാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അങ്കണവാടികളുടെ നമ്പറും ജില്ലകൾ തിരിച്ചുള്ള കണക്കും.
3. നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള ഭൂമിയിൽ നിലവിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനായി എത്ര വിസ്തൃതിയിൽ ഭൂമി നികത്തിയിട്ടുണ്ട്. അങ്കണവാടികളുടെ നമ്പറും ജില്ല തിരിച്ചുള്ള കണക്കും.
4. അങ്കണവാടികൾക്കായി ഏറ്റെടുത്ത നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള ഭൂമിയിലേക്ക് എത്രയിടത്ത് റോഡ് സൗകര്യം ഉണ്ട്? അങ്കണവാടികളുടെ നമ്പറും സ്ഥലവും ഏത് ജില്ലയിലാണെന്നും
5. അങ്കണവാടികൾക്കായി നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള ഭൂമി ഏറ്റെടുത്തതിനുശേഷം അവിടേയ്ക്ക് റോഡ് സൗകര്യം ഉണ്ടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ
6. അങ്കണവാടികൾക്കായി ഏറ്റെടുത്ത നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള ഭൂമിയിൽ റോഡ് സൗകര്യം ഏർപ്പെടുത്തുന്നതിനായി നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നിവ നികത്തേണ്ടിവന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം അങ്കണവാടികൾക്കായി എത്ര ഭൂമി നികത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക്.
7. നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള ഭൂമിയിൽ എത്ര അങ്കണവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിന് നെൽവയൽ തണ്ണീർത്തട നിയമത്തിനുകീഴിൽ പൊതു ആവശ്യത്തിന് ഭൂമി നികത്തുന്നതിനുള്ള അനുമതി വാങ്ങിയിട്ടുണ്ട്. അങ്കണവാടികളെ സംബന്ധിച്ച വിവരം ജില്ല തിരിച്ച്.
8. സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നെൽവയൽ, നിലം, തണ്ണീർത്തടങ്ങൾ എന്നീ രീതിയിലുള്ള സ്ഥലങ്ങൾ അങ്കണവാടികൾക്ക് കെട്ടിടം നിർമിക്കാൻ ഏറ്റെടുക്കാനായി ശിശുവികസന പദ്ധതി ഓഫീസർമാർ ശുപാർശ ചെയ്തിട്ടുണ്ട്. ഏത് അങ്കണവാടിക്ക്, എത്ര സ്ഥലം എന്നത് സംബന്ധിച്ച വിവരങ്ങൾ. ശുപാർശ ചെയ്ത ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക വിലാസവും.
9. നിലവിൽ സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ ഉണ്ട്. ഇവയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്ര. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക്.

** അഞ്ചുവർഷം എന്നത് കൊണ്ട് ഉദ്ദേശിച്ചത് 30-1-2016 മുതൽ 30-1-2021 വരെയാണ്*

എന്ന്,

*വിശ്വസ്തതയോടെ,*

*30-1-2021*

*തണ്ടിലം*

**രാജേഷ് തണ്ടിലം**